₹ 5/-

# റിയൽ ലൈഫ് വോയ്സ്

## R E A L L I F E V O I C E

Monthly

Volume 13
Issue 7

**January 2025**

pages 24

“ഇടുക്കുവാതിലിലൂടെ അകത്തു കടപ്പിൻ. നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്. അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ”

(മത്തായി 7:13,14)

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 13 Issue 7 January 2025 pages 24 Rs.5/**

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in

*Real Life Voice is a Christian magazine*
*dedicated to studying the Word of God and analysing current events*



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013



**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

Book No. **157**


## ഉള്ളടക്കം

പേജ്


- **ആരോഗ്യത്തെ കോട്ട കെട്ടി...** 3
- **പ്രതികരണങ്ങൾ** 6
- **ആസ്യയിലെ ഏഴ് സഭകൾ** (11) 8
- **കെ. വി. ഐസക്ക്**(അഭിമുഖം)(10) 11
- **യോനാ** (പുസ്തകപഠനം) (8) 15
- **10-ാം വിവാഹവാർഷികം**(കവിത) 18
- **ഇമ്മാനുവിന്റെ സംശയങ്ങൾ** (45) 19
- **... ദുരന്തക്കാഴ്ചകൾ** (70) 21
- **മുണ്ടക്കൈ-ചൂരൽമല** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള**
**അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ആരോഗ്യത്തെ കോട്ട കെട്ടി കാക്കാൻ ശ്രമിച്ചവർ!

ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സുണ്ടെന്നാണ് പറയപ്പെടുന്നത്. ആരോഗ്യം 'കാത്തുസൂക്ഷിക്കുന്ന' കുറെ പേരെ നമുക്കറിയാം. സ്ഥിരമായി വ്യായാമം ചെയ്യുന്നവർ, കുറെ ദൂരം കയ്യും ആഞ്ഞുവീശി നടക്കുന്നവർ, സൈക്കിൾ ചവിട്ടുന്നവർ, ഭക്ഷണകാര്യത്തിൽ അതീവജാഗ്രത പുലർത്തുന്നവർ എന്നിങ്ങനെ ആരോഗ്യത്തെ സംരക്ഷിക്കാൻ ഉത്സാഹിക്കുന്നവർ ഏറെയാണ്. എത്ര ശ്രദ്ധിച്ചാലും, എത്ര ശ്രമിച്ചാലും ദൈവം വച്ച ആയുസ്സിന്റെ അപ്പുറം ആരും പോവില്ലെന്നുള്ള യാഥാർത്ഥ്യം പലരും ഓർക്കാറില്ലെന്നു മാത്രം.

ഏതുവിധേനയും ആരോഗ്യത്തെ സംരക്ഷിക്കാൻ നോക്കുകയും അങ്ങനെ ദീർഘനാൾ ഇവിടെ ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന നിരവധിയാളുകൾ നമുക്കു ചുറ്റുമുണ്ട്. പക്ഷേ അതിൽ പലരും തോറ്റുപോയി എന്നതാണ് വാസ്തവം. ദൈവം വരച്ചിരിക്കുന്ന ആയുസ്സിന്റെ വര ആർക്കും മാറ്റുവാനോ മായ്ക്കുവാനോ കഴിയില്ലെന്ന് തെളിയിച്ചുകൊണ്ട് പലരും നേരത്തേ തന്നെ ഈ ഭൂമിയിൽനിന്ന് യാത്ര പറഞ്ഞ് മറഞ്ഞുപോയി. അത്തരത്തിലുള്ള മൂന്നു ആളുകളെക്കുറിച്ച് നമുക്കു ചിന്തിക്കാം.

**1. ഇലിയ ഗോലെം യെഫീംചിക്**

യൂറോപ്യൻ രാജ്യമായ ബെലാറസിലെ ബോഡിബിൽഡറാണ് ഇലിയ യെഫീംചിക്. ലോകത്തിലെ ഏറ്റവും ആജാനുബാഹുമായ ബോഡിബിൽഡർ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഓരോ ദിവസവും രണ്ടര കിലോ ബീഫും 108 കഷണം സുഷിയും (ജപ്പാനീസ് വിഭവം) ആണ് അദ്ദേഹം കഴിച്ചിരുന്നത്. ആറടി ഉയരവും 150 കിലോ ഭാരവും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നെഞ്ചളവ് 61 ഇഞ്ച് ആയിരുന്നു. കരുത്തുറ്റ മസിലുകളുള്ള തന്റെ ശരീരത്തിന്റെ സൗന്ദര്യം പ്രദർശിപ്പിച്ചുകൊണ്ടുള്ള വീഡിയോകൾക്ക് ഏറെ ജനപിന്തുണ ലഭിച്ചിരുന്നു. പക്ഷേ, ലോകമെമ്പാടും ആരാധകരുള്ള ഈ ബോഡിബിൽഡർ 2024 സെപ്റ്റംബർ 11 ന് അന്തരിച്ചു. അദ്ദേഹത്തിന് 36 വയസ്സുമാത്രമായിരുന്നു പ്രായം. ഹൃദയാഘാതം മൂലമാണ് മരിച്ചത്. ശരീരം കരുത്തുറ്റതായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഹൃദയം ബലഹീനമായിരുന്നു.

### 2. ശരത് ജോയിസ്

യോഗാ ചെയ്യുന്നതിലൂടെ ദീർഘകാലം ജീവിക്കാം എന്നു വിശ്വസിച്ച ലോകപ്രശസ്തനായിരുന്ന യോഗാചാര്യനായിരുന്നു ശരത് ജോയിസ്. ഹോളിവുഡിലെ സിനിമാതാരങ്ങൾ വരെ അദ്ദേഹത്തിന്റെ ശിഷ്യന്മാരുണ്ടായിരുന്നു. യോഗാനുഷ്ഠാനത്തിലൂടെ ദീർഘായുസ്സ് നേടാമെന്ന് വിവരിച്ചുകൊണ്ട് അദ്ദേഹം എഴുതിയ പുസ്തകത്തിന്റെ പേരാണ് *Ageless: A Yogi's Secrets to a Long and Healthy Life (പ്രായമില്ല: ദീർഘവും ആരോഗ്യകരവുമായ ജീവിതത്തിലേക്കുള്ള ഒരു യോഗിയുടെ രഹസ്യങ്ങൾ)*

പക്ഷേ എന്തു ചെയ്യാൻ? 2024 നവംബർ 11 ന് അദ്ദേഹം ഹൃദയാഘാതം മൂലം മരിച്ചു. 53 വയസ്സായിരുന്നു പ്രായം. യോഗാ അനുഷ്ഠിച്ചുകൊണ്ട് അദ്ദേഹം തന്റെ ശരീരത്തെ മെച്ചപ്പെടുത്തിയിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഹൃദയം മെച്ചപ്പെട്ടില്ല. യോഗയിലൂടെ ദീർഘായുസ്സ് കൈവരിക്കാം എന്ന ആശയം പ്രചരിപ്പിച്ചുകൊണ്ട് അദ്ദേഹം പുസ്തകമെഴുതി പ്രസിദ്ധീകരിച്ചുവെങ്കിലും, ആ പുസ്തകത്തിലെ ആശയങ്ങൾ പൂർണ്ണമായും ശരിയല്ലെന്ന് തെളിയിക്കുന്നതായിപ്പോയി അദ്ദേഹത്തിന്റെ മരണം!

### 3. മൈക്കൽ ജാക്സൻ

പാട്ടും ചടുലനൃത്തതാളവുമായി ലോകത്തെ ഇളക്കിമറിച്ച മൈക്കൽ ജാക്സൻ 150 വർഷം ജീവിക്കണമെന്ന് ആഗ്രഹിച്ച വ്യക്തിയാണത്രേ! അതിനുവേണ്ടി ലക്ഷങ്ങൾ ചെലവാക്കി പല മുൻകരുതലുകളും അദ്ദേഹം എടുത്തിട്ടുണ്ടായിരുന്നു. 12 ഡോക്ടർമാർ ദിവസവും അദ്ദേഹത്തെ ശ്രദ്ധിക്കാനുണ്ടായിരുന്നു. അദ്ദേഹം ചെയ്യുന്ന വ്യായാമം ശ്രദ്ധിക്കാൻ വേറെ 15 പേരെ നിയമിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന് ഭക്ഷണം വിളമ്പുന്നതിനു മുമ്പ് ആ ഭക്ഷണം ലാബിൽ പരിശോധിക്കുമായിരുന്നു. ഓക്സിജൻ ലെവൽ നിയന്ത്രിക്കുന്ന സാങ്കേതികവിദ്യയുള്ള കിടക്കയിലാണ് അദ്ദേഹം കിടന്നിരുന്നത്. അദ്ദേഹത്തിന്റെ ഏതെങ്കിലും അവയവത്തിന് ക്ഷതമേറ്റാൽ, ഉടനെ അവയവം ദാനം ചെയ്യുന്നതിനായി അവയവദാതാക്കളെ ഏർപ്പാട് ചെയ്തിരുന്നു. അവരുടെ ജീവിതച്ചെലവ് അദ്ദേഹമാണ് വഹിച്ചിരുന്നത്.

പക്ഷേ, 2009 ജൂൺ 29 ന്, തന്റെ 50-ാം വയസ്സിൽ അദ്ദേഹം ഹൃദയാഘാതം മൂലം മരിച്ചു. മികച്ച ഡോക്ടർമാരെയും വ്യായാമപരിശീലകരെയും അവയവദാതാക്കളെയും തനിക്കു ചുറ്റും വിന്യസിച്ച് സ്വയമൊരുക്കിയ പ്രതിരോധം യാതൊരു ഫലവും കണ്ടില്ല. 'മുകളിൽനിന്നുള്ള വിളി' വന്നാൽ പിന്നെ എന്ത് ഡോക്ടർ? എന്ത് ലാബ്? എന്ത് വ്യായാമം? ആയുസ്സിന്റെ നിയന്ത്രണം വ്യായാമത്തിലും ഡോക്ടർമാരിലും മാത്രമാണെന്ന് ചിന്തിക്കുന്നവർക്കുള്ള നിഷേധമറുപടിയാണ് മൈക്കൽജാക്സന്റെ മരണം.

**വ്യായാമം നല്ലത് തന്നെ**

"ശരീരാഭ്യാസം അല്പപ്രയോജനമുള്ളതത്രേ" (1 തിമൊ.4:8). (...bodily exercise profits a little = ശാരീരിക വ്യായാമം കൊണ്ട് അല്പം ലാഭമുണ്ട്). വ്യായാമം ചെയ്യുന്നതിനെ ബൈബിൾ നിരുത്സാഹപ്പെടുത്തുന്നില്ല. പക്ഷേ ആ വ്യായാമത്തിന് ദൈവത്തേക്കാളധികം പ്രാധാന്യം കൊടുക്കുന്നതോ, ആ വ്യായാമംകൊണ്ട് കൂടുതൽ കാലം ജീവിക്കാം എന്നു കരുതുന്നതോ ശരിയല്ല.

**ചികിത്സ നല്ലത് തന്നെ**

"ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല" (ലൂക്കൊസ് 5:31). (It is not the healthy people who need a doctor, but the sick = ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് ഡോക്ടറെ വേണ്ടത്). കർത്താവായ യേശു പറഞ്ഞ വാചകമാണിത്. രോഗികൾക്ക് ചികിത്സ തേടുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. ദൈവത്തെ മറന്നുകൊണ്ടുള്ള ചികിത്സ കൊണ്ട് പ്രയോജനമില്ല താനും.

**ശ്വാസം മാത്രം**

"ഏത് മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രേ" (സങ്കീ.39:5) (Certainly every man at his best state is but vapor = ഓരോ മനുഷ്യനും അവന്റെ ഏറ്റവും നല്ല അവസ്ഥയിലും ആവി മാത്രമാണ്) മസിൽപവർ, മസ്തിഷ്കപവർ, മണിപവർ തുടങ്ങിയവയൊന്നും ആയുസ്സ് കൂട്ടാൻ മതിയായതല്ല. ദൈവമാണ് ആയുസ്സ് തീരുമാനിക്കുന്നത്. അത് നീട്ടണോ ചുരുക്കണോ എന്നു തീരുമാനിക്കുന്നതും ദൈവമാണ്. എത്ര മുൻകരുതൽ സ്വീകരിച്ചാലും ഫലമില്ല. എങ്ങനെയെങ്കിലും ഈ ഭൂമിയിൽ കൂടുതൽ കാലം ജീവിക്കാനായി വിറ്റുപെറുക്കി, ലോൺ എടുത്ത്, പിരിവ് എടുത്ത്, ലക്ഷങ്ങൾ മുടക്കി ചികിത്സ തേടുന്ന പ്രവണത മനുഷ്യൻ അവസാനിപ്പിക്കണം. മറ്റ് ചിലരെ കോടിപതികളാക്കാൻ മാത്രമേ ഇതെല്ലാം ഉപകരിക്കൂ.

ഈ ഭൂമിയിലെ ജീവിതമല്ല നമ്മുടെ ലക്ഷ്യം. നിത്യത എന്ന ഒരു കാലം വരാനുണ്ട്. അവസാനമില്ലാത്ത കാലമാണത്. സൂര്യനും ചന്ദ്രനും ഇല്ലാത്ത നാളുകളാണത്. നിത്യത പിശാചിനോടുകൂടെയാകാം, ദൈവത്തോടുകൂടെയാകാം. അത് തീരുമാനിക്കാനാണ് ദൈവം നമുക്ക് ഈ ഭൂമിയിൽ അവസരം നൽകിയിരിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണം എന്റെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടിയാണ് എന്ന് വിശ്വസിക്കുന്നവരും യേശുവിനെ കർത്താവായി സ്വീകരിക്കുന്നവരുമാണ് ദൈവത്തോടുകൂടെ നിത്യത കഴിയാൻ അർഹരായിട്ടുള്ളവർ. ബാക്കിയെല്ലാവരും പിശാചിനോടുകൂടെ നിത്യനരകത്തിൽ ആയിരിക്കും. **എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## A G Jacob, Visakapatanam, Andhrapradesh

മാസിക കൃത്യമായി അയച്ചുതരുന്നതിന് വളരെ നന്ദിയുണ്ട്. സാധാരണയായി ഒറ്റ ഇരിപ്പിൽ വായിച്ചുതീർക്കുകയാണ് ചെയ്യാറുള്ളത്. എല്ലാ ലേഖനങ്ങളും ആകർഷകവും വിജ്ഞാനപ്രദവുമാണ്. കൂടുതൽ നല്ല ലേഖനങ്ങൾ തുടർന്നും എഴുതുവാൻ കർത്താവ് താങ്കളെ ശക്തിപ്പെടുത്തട്ടെ.

## P V Daniel, Pullad, Pathanamthitta

*റിയൽ ലൈഫ് വോയ്സ്* മാസിക വളരെ പ്രയോജനപ്രദമാണ്. അതുകൊണ്ടാണ് ഞാൻ പല മാസികകളും നിറുത്തിയിട്ടും ഈ മാസിക നിറുത്താതിരിക്കുന്നത്. ഈ മാസിക തുടർച്ചയായി വായിക്കാറുണ്ട്. ബ്രദറിന് ഒരു അപകടമുണ്ടായത് അറിഞ്ഞു. അതോർത്ത് ദൈവത്തോട് പ്രാർത്ഥിക്കുന്നു. വേണ്ട ബലം തന്ന് ശക്തീകരിച്ച് ശുശ്രൂഷകളെ ദൈവം സഹായിക്കട്ടെ.

## T S John, Nilambur, Malappuram

*റിയൽ ലൈഫ് വോയ്സ്* എന്ന ചെറിയ മാസികയിൽ കൂടി ബൈബിൾസത്യങ്ങളോട് താങ്കൾ പുലർത്തുന്ന വിശ്വസ്തതയെ ഞാൻ ആഴമായി അഭിനന്ദിക്കുന്നു. ഇതിലെ ഓരോ ലേഖനവും വിശ്വാസികളുടെ ജീവിതത്തിന് അനുഗ്രഹമാണ്. അത് ആത്മീയപോഷണവും ക്രിസ്തീയമാർഗ്ഗനിർദ്ദേശവും നൽകുന്നു. ഇത് തുടർന്നുകൊണ്ടു പോകുവാൻ വേണ്ട എല്ലാ അനുഗ്രഹങ്ങളും കർത്താവ് താങ്കൾക്ക് നൽകട്ടെ.

## Abhilash, Kodumon, Pathanamthitta

ഡിസംബർ മാസത്തെ മാസികയിൽ *ഓരോരോ ജന്മങ്ങള്* എന്ന ലേഖനത്തിൽ, കർത്താവിന്റെ ശബ്ദം റെക്കോർഡ് ചെയ്ത കാര്യത്തെപ്പറ്റി എഴുതിയത് സൂപ്പർ.

**Joy Nirappel, Thalappuzha, Waynad**

മാസികയിലെ ഓരോ വിഭവവും ഒന്നിനൊന്നു മെച്ചമാണ്. ദൈവദാസന്മാർ സുവിശേഷവേലയിൽ അനുഭവിച്ച പ്രയാസങ്ങളും ദൈവം അവർക്കു നൽകിയ സംരക്ഷണവും മാസികയിലൂടെ അറിയാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. ധനസമ്പാദനത്തിനായി കർത്താവിന്റെ ശബ്ദം റെക്കോർഡ് ചെയ്തുവെന്നു പറഞ്ഞ് പ്രചരിപ്പിച്ച പാസ്റ്ററെക്കുറിച്ച് എഴുതിയല്ലോ. ഇങ്ങനെയുള്ള ജന്മങ്ങൾക്ക് നല്ല ബുദ്ധി ഉണ്ടാകാൻ പ്രാർത്ഥിക്കാം.

ബൈനോക്കുലർ എന്ന പംക്തിയിൽ, ടീച്ചറും കുട്ടിയും കോടതിയും എന്ന ലേഖനം വായിച്ചപ്പോൾ എന്റെ വിദ്യാഭ്യാസകാലം ഓർത്തുപോയി. എനിക്കിപ്പോൾ 76 വയസ്സായി. അന്ന് സാറന്മാർ തല്ലി എന്ന് വീട്ടിൽ പറഞ്ഞാൽ, അവിടെനിന്നും കിട്ടും രണ്ടെണ്ണം. സാറന്മാരെ വളരെയധികം ബഹുമാനിച്ചിരുന്ന കാലം.

**Sunny Muringayil, Chittethukara, Ernakulam**

റിയൽ ലൈഫ് വോയ്സ്.. പേര് പോലെതന്നെ അത് ഒരു യാഥാർത്ഥ്യമാണ്. നൂതനമാധ്യമങ്ങൾ സമൂഹം കയ്യടക്കിക്കൊണ്ടിരിക്കുന്നതിനാൽ വായനശീലം ഒരു പരിധിവരെ കുറഞ്ഞു എന്നത് ഒരു വസ്തുതയാണ്. ആയതിനാൽ ആത്മികഗോളത്തിൽ പല മാസികകളുടെ പ്രവർത്തനങ്ങൾ നിശ്ചലമായി. അങ്ങനെയുള്ള ഘട്ടത്തിൽ തലയെടുപ്പോടെ, ആത്മികയാഥാർത്ഥ്യങ്ങൾ തുറന്നെഴുതുവാൻ, ഈടുറ്റതും ചിന്തനീയമായതുമായ ലേഖനങ്ങൾ റിയൽ ലൈഫ് വോയ്സിന്റെ താളുകളിലൂടെ അനുവാചകരിൽ എത്തിക്കുവാൻ കഴിഞ്ഞു എന്നത് അഭിനന്ദനാർഹമായ ദൗത്യമാണ്. എല്ലാ വിധ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

**ഒരു ലക്കം പോലും മുടങ്ങാതെ...**

**റിയൽ ലൈഫ് വോയ്സ്**

**14-ാം വർഷത്തിലേക്ക്**

**പ്രവേശിക്കുന്നു!**

**എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ!**

കഴിഞ്ഞ പതിമൂന്ന് വർഷം വായനക്കാരിൽനിന്നും ലഭിച്ച പിന്തുണയ്ക്ക് നന്ദി. ഞങ്ങളെ പ്രോത്സാഹിപ്പിച്ചവരോടും സഹായിച്ചവരോടുമുള്ള നന്ദിയും സ്നേഹവും ഇവിടെ രേഖപ്പെടുത്തുന്നു. **(എഡിറ്റർ)**

# ആസ്യയിലെ ഏഴ് സഭകൾ

11

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## സ്മുർന്നയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:8-11)

ആസ്യയിലെ ഏഴ് സഭകളിൽ രണ്ടാമത്തേതാണ് സ്മുർന്നയിലെ സഭ. ഈ സഭയെക്കുറിച്ച് കർത്താവിന് യാതൊരു കുറ്റവും പറയാനില്ല. ഫില ദെൽഫ്യസഭയെക്കുറിച്ചും കർത്താവിന് യാതൊരു കുറ്റവും പറയാനില്ല. കർത്താവിന് കുറ്റം പറയാനില്ലാത്ത നിലയിലേക്ക് ഓരോ പ്രാദേശികസ ഭയും വളരുന്നത് മനോഹരമായ കാഴ്ചയാണ്. വഴക്കും തല്ലും പാരവയ്പ്പും അടിച്ചമർത്തലും കളിയാക്കലും അവഗണിക്കലും ഒക്കെയായി കർത്താവിന് പേരുദോഷം വരുത്തുന്ന ഓരോ വിശ്വാസിക്കൂട്ടവും ഇക്കാര്യം കാര്യമായി ശ്രദ്ധിക്കേണ്ടതുണ്ട്. കർത്താവിന് സ്മുർന്നയിലെ സഭയോട് എന്താണ് പറ യാനുള്ളതെന്ന് നമുക്ക് നോക്കാം.

*സ്മുർന്നയിലെ സഭയുടെ ദൂതന് എഴുതുക: മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമായവൻ അരുളിച്ചെയ്യുന്നത്: 2:8)*

### മരിച്ചവനായിരുന്ന് വീണ്ടും ജീവിച്ചവൻ

സ്മുർന്നയിലെ സഭയ്ക്ക് എഴുതുമ്പോൾ മരിച്ച കാര്യവും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ കാര്യവും പറഞ്ഞുകൊണ്ടാണ് കർത്താവ് തുട ങ്ങുന്നത്. കർത്താവ് കഷ്ടമനുഭവിച്ച കാര്യവും അവസാനം ജയാളിയായി കാണപ്പെട്ട കാര്യവും ഇവർക്കെഴുതിയത്, ഇവർക്കത് ഒരു ആശ്വാസവും പ്രോത്സാഹനവും ആകേണ്ടതിനാണ്. കാരണം അവർക്ക് കഷ്ടതയുണ്ടാ യിരുന്നു. കഷ്ടതയിലൂടെ കടന്നുപോകുന്നവർ കർത്താവ് അനുഭവിച്ച കടുത്ത കഷ്ടതകളെക്കുറിച്ച് ചിന്തിക്കണം. കഷ്ടതയിലൂടെ കർത്താവ് അവ സാനിക്കുകയായിരുന്നില്ലെന്നും, വീണ്ടും ജീവിച്ച് വിജയപതാക ഉയർത്തി ക്കാട്ടുകയായിരുന്നുവെന്നും ധ്യാനിച്ച് നാം ശക്തിപ്പെടണമെന്ന് കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

*ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും-നീ ധനവാകുന്നു താനും-തങ്ങൾ യെഹൂദർ എന്നു പറയുന്നെങ്കിലും യെഹൂദരല്ല, സാത്താന്റെ പള്ളിക്കാരായവരുടെ ദൂഷണവും അറിയുന്നു. (2:9)*

**എല്ലാം അറിയുന്നവൻ**

കഷ്ടത അറിയുന്നു, ദാരിദ്ര്യം അറിയുന്നു, അവർ വാസ്തവത്തിൽ ധനവാന്മാരാണ് എന്ന കാര്യം അറിയുന്നു, യെഹൂദർ എന്നു പറയുന്നുവെങ്കിലും അവർ വാസ്തവത്തിൽ യെഹൂദരല്ല എന്ന കാര്യം അറിയുന്നു, അവർ സാത്താന്റെ പള്ളിക്കാരാണെന്ന് അറിയുന്നു, അവരുടെ ദൂഷണം അറിയുന്നു. ഇങ്ങനെ എല്ലാം അറിയുന്ന കർത്താവ് നമുക്കുണ്ട് എന്നത് എത്രയോ ആശ്വാസം നൽകുന്ന കാര്യമാണ്! നമ്മുടെ പ്രശ്നങ്ങൾ എല്ലാം നമുക്ക് കർത്താവിനോട് പറയാവുന്നതാണ്. പക്ഷേ നാം പറയാതെ തന്നെ എല്ലാം അറിയുന്നവനാണ് നമ്മുടെ കർത്താവ്.

(1) കഷ്ടത അറിയുന്നു: നയീനിലെ വിധവയുടെ ഏകജാതനായ മകൻ മരിച്ചു. ഭർത്താവ് നേരത്തെ മരിച്ച ആ സ്ത്രീയുടെ ഒരേയൊരു മകനും മരിച്ചപ്പോൾ, ആ സ്ത്രീ കഷ്ടതയിലായി. ആ കഷ്ടത മനസ്സിലാക്കിയവനാണ് നമ്മുടെ കർത്താവ് (ലൂക്കൊസ് 7:11-17). ബേഥെസ്ദാ എന്ന കുളത്തിന്റെ അരികെ, 38 വർഷമായി രോഗബാധിതനായി കിടന്നിരുന്ന സാധുവായ ഒരു മനുഷ്യന്റെ കഷ്ടതയുടെ ആഴം മനസ്സിലാക്കിയ കർത്താവ് അവന് വിടുതൽ നൽകി (യോഹന്നാൻ 5:2-8). സ്മുർന്നാസഭയുടെ കഷ്ടതയും കർത്താവ് അറിയുന്നു.

(2) ദാരിദ്ര്യം അറിയുന്നു: കർത്താവിനെക്കുറിച്ച് 2 കൊരിന്ത്യർ 8:9ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ." നമുക്ക് വേണ്ടി കർത്താവ് ദരിദ്രനായിത്തീർന്ന കാര്യം നാം അറിയണം, ഓർമ്മിച്ചുകൊണ്ടിരിക്കണം. നമ്മുടെ ദാരിദ്ര്യം കർത്താവിനറിയാം. ഭണ്ഡാരത്തിൽ ഒരു പൈസ ഇടാനായി നിന്ന ദരിദ്രയായ വിധവയെ കണ്ടവനാണ് നമ്മുടെ കർത്താവ് (മർക്കൊസ് 12:41-44).

(3) അവർ ധനവാന്മാരാണ് എന്ന കാര്യം അറിയുന്നു: സ്മുർന്നാസഭയിലെ വിശ്വാസികൾ ഭൗതികമായി ദരിദ്രർ തന്നെയാണ്. പക്ഷേ കർത്താവിന്റെ ദൃഷ്ടിയിൽ അവർ സമ്പന്നരാണ്. അവരുടെ ആത്മികനിലയെ വിലയിരുത്തുമ്പോൾ അവർ ധനവാന്മാർ തന്നെയാണെന്ന് കർത്താവ് സാക്ഷ്യപ്പെടുത്തുന്നു. ഇന്ന് പല വിശ്വാസികളുടെയും അവസ്ഥ നേരെ തിരിച്ചാണ്. അതായത്, ഭൗതികമായി സമ്പന്നർ, ആത്മികനിലവാരത്തിൽ ദരിദ്രർ!

സ്മുർന്നാസഭയോട് "നീ ധനവാനാണ്" എന്നു പറയാൻ കർത്താവ് കാണിച്ച തിടുക്കം നാം പ്രത്യേകം ശ്രദ്ധിക്കണം. പറഞ്ഞുവന്ന വാചകം പൂർത്തീകരിക്കുന്നതിനുമുമ്പ് ഇടയ്ക്കുകയറിയാണ് കർത്താവ് അത് പറഞ്ഞത്. മലയാളംബൈബിളിൽ ഹൈഫൻ (-) ഇട്ടും ഇംഗ്ലീഷ്ബൈബിളിൽ ബ്രാക്കറ്റിലും അത് കൊടുത്തിരിക്കുന്നു. കർത്താവിന്റെ നോട്ടത്തിൽ അവർ സമ്പന്നരാണെന്ന കാര്യം പറയാൻ കർത്താവ് കാണിച്ച ഈ തിടുക്കം തീർച്ചയായും അവരെ ആവേശം കൊള്ളിച്ചിരിക്കും.

(4) യെഹൂദർ എന്നു പറയുന്നുവെങ്കിലും അവർ വാസ്തവത്തിൽ യെഹൂദരല്ല എന്ന കാര്യം അറിയുന്നു: ഓരോരുത്തരും പലതും അവകാശപ്പെടാറുണ്ടെങ്കിലും അതിന്റെ യഥാർത്ഥ അവസ്ഥ അറിയാവുന്നവനാണ് നമ്മുടെ കർത്താവ്. തങ്ങൾ ക്രിസ്ത്യാനികളാണെന്നു അവകാശപ്പെടുന്ന പലരും ക്രിസ്ത്യാനികളല്ല. തങ്ങൾ ഭക്തരാണെന്ന് കാണിക്കാൻ പലരും പല പ്രകടനങ്ങൾ നടത്താറുണ്ടെങ്കിലും അവർ യഥാർത്ഥ ഭക്തരാണോ അല്ലയോ എന്നു കർത്താവിന് അറിയാം. തെറ്റായ അവകാശവാദങ്ങളിലൂടെ മനുഷ്യരെ വഞ്ചിക്കാം. കർത്താവിനെ വഞ്ചിക്കാൻ കഴിയില്ല.

(5) അവർ സാത്താന്റെ പള്ളിക്കാരാണെന്ന് അറിയുന്നു: തങ്ങൾ യെഹൂദരാണ് എന്നാണവർ പറയുന്നതെങ്കിലും അവർ സാത്താന്റെ പള്ളിക്കാരാണ്. പള്ളി എന്നല്ല, സിനഗോഗ് എന്നാണ് ശരിയായ തർജ്ജമ വരേണ്ടത്. പിശാചിനെക്കുറിച്ച് കർത്താവ് പറഞ്ഞത്, "അവൻ ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു" എന്നാണ് (യോഹന്നാൻ 8:44). എത്ര ദൈവജനത്തെയാണ് യെഹൂദർ കള്ളസാക്ഷ്യം പറഞ്ഞ് കൊന്നുകളഞ്ഞിട്ടുള്ളത്! ദൈവജനത്തിനെതിരെ നുണകൾ പറഞ്ഞ് അവരെ കൊല്ലിക്കുവാൻ നടക്കുന്നവരെ സാത്താന്റെ പള്ളിക്കാർ (സിനഗോഗുകാർ) എന്നു വിളിച്ചത് തികച്ചും ഉചിതമാണ്.

(6) അവരുടെ ദൂഷണം അറിയുന്നു: ദൈവജനത്തിന് ആദ്യമായി ഉപദ്രവം നേരിടേണ്ടിവന്നത് യെഹൂദന്മാരിൽ നിന്നാണല്ലോ. ദൈവമക്കളെക്കുറിച്ച് വളരെ മോശമായ വിധം സംസാരിക്കാൻ യെഹൂദന്മാർ വളരെ താത്പര്യം കാണിച്ചു. എങ്ങനെയെങ്കിലും ദൈവമക്കളെ ഇല്ലാതാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. മറ്റുള്ളവർ നമുക്കുനേരെ പറയുന്ന ദൂഷണങ്ങൾ കേട്ട് നാം തളർന്നുപോകേണ്ടതില്ല. കാരണം അതെല്ലാം കർത്താവ് അറിയുന്നുണ്ട്. ദൂഷണങ്ങൾ കേട്ട് കർത്താവിന് നല്ല പരിചയമുണ്ട്. ദൈവദൂഷണം പറഞ്ഞു എന്നാണ് അവർ കർത്താവിന്റെ നേരെ ആരോപിച്ചത്. നമ്മുടെ നേരെ ആരെല്ലാം ദൂഷണങ്ങൾ പറഞ്ഞാലും നാം മടുത്തുപോകാതിരിക്കണം. മനസ്സ് തളർന്നുപോകരുത്. എല്ലാം അറിയുന്നവൻ നമ്മോടുകൂടെയുണ്ടല്ലോ.

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (10)

അഭിമുഖം



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 16. ഭവനസന്ദർശനം-ചില കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ട്

കോലഞ്ചേരിക്കടുത്ത് മീമ്പാറ എന്ന സ്ഥലത്ത് മാസവേലയോടനുബന്ധിച്ച് ഞാനും മറ്റു രണ്ടു സഹോദരന്മാരും ചേർന്ന്, ഭവനസന്ദർശനം നടത്തി. എന്റെ കൂടെയുണ്ടായിരുന്ന രണ്ട് സഹോദരന്മാരിൽ ഒരാൾ എന്നേക്കാൾ പ്രായമുള്ളയാളും മറ്റൊരാൾ എന്നേക്കാൾ പ്രായം കുറഞ്ഞ ആളുമായിരുന്നു. അന്ന് കൂടെയുണ്ടായിരുന്ന, എന്നേക്കാൾ പ്രായമുള്ളയാൾ ഇന്ന് ഭൂമിയിൽ ഇല്ല. അദ്ദേഹം ദൈവത്തിങ്കൽ മറഞ്ഞു.

ഞങ്ങൾ ഒരു വീട്ടിലേക്ക് ചെന്നു. അതൊരു ഹൈന്ദവഭവനമായിരുന്നു. ഞങ്ങളെ കയറ്റിയിരുത്തി. ആ പ്രായമുള്ളയാൾ അവരോട് സുവിശേഷം നാമമാത്രമായി സംസാരിച്ചതിനുശേഷം, ഇങ്ങനെ പറഞ്ഞു: "ഈ ചുമരിൽ ഇരിക്കുന്നതൊന്നും ദൈവങ്ങളല്ല, അവ വിഗ്രഹങ്ങളാണ്. അവയെ സേവിക്കരുത്. നാം ജീവനുള്ള ദൈവത്തെ സേവിക്കണം." അവരുടെ ദേവന്മാരുടെ പോരായ്മകളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ആ വീട്ടുകാർക്ക് അത് ഇഷ്ടപ്പെട്ടില്ല. ഒടുവിൽ ആ വീട്ടുകാരൻ പറഞ്ഞു: "അതൊക്കെ ഞങ്ങളുടെ ദേവന്മാരാണ്. ഞങ്ങളുടെ അറിവുകേടാണെങ്കിൽ അതങ്ങനെത്തന്നെ ഇരിക്കട്ടെ. നിങ്ങൾ വന്ന കാര്യം പറയൂ. നിങ്ങൾക്ക് ആരെക്കുറിച്ചാണ് പറയാനുള്ളതെങ്കിൽ അത് പറയൂ."

അപ്പോഴും അദ്ദേഹം അത് തന്നെ വീണ്ടും പറഞ്ഞുതുടങ്ങി. വീട്ടുകാർക്കത് അസഹ്യമായി അനുഭവപ്പെട്ടിട്ടും അദ്ദേഹം അത് തുടർന്നു. അങ്ങനെ കാര്യമായി ഒന്നും പറയാൻ കഴിയാതെ ആ വീട്ടിൽനിന്നും ഇറങ്ങിപ്പോരേണ്ടിവന്നു. എന്നേക്കാൾ സീനിയർ ആയ വ്യക്തിയായതിനാൽ അദ്ദേഹത്തോട് കൂടുതലൊന്നും പറയാൻ എനിക്ക് കഴിഞ്ഞുമില്ല. മാത്രമല്ല, അദ്ദേഹത്തിന്റെ കീഴിലാണ് ഞങ്ങളെ പ്രവർത്തനത്തിനായി അയച്ചിട്ടുള്ളത്.

അടുത്തവീട്ടിൽ ഞങ്ങൾ കയറി. അവരും ഹൈന്ദവരായിരുന്നു. ഞാനും മറ്റെ സഹോദരനും അദ്ദേഹത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഇങ്ങനെയൊക്കെ പറയുന്നത് നിർത്തണമേ എന്നായിരുന്നു ഞങ്ങളുടെ പ്രാർത്ഥന. പക്ഷേ അദ്ദേഹം ഇതേ ശൈലി തന്നെ അവിടെയും തുടർന്നു. അവിടത്തെ വീട്ടുടമസ്ഥൻ ഞങ്ങളോട് പറഞ്ഞു: "ഇതൊന്നും കേൾക്കാൻ ഞങ്ങൾക്ക് താത്പര്യമില്ല. നിങ്ങളുടെ ദൈവം ആരാണെന്നു പറയാതെ ഞങ്ങളുടെ ദൈവത്തെ കുറ്റം പറയുന്നത് എന്തിനാണ്?" കൂടുതലൊന്നും പറയാൻ അവർ ഞങ്ങളെ അനുവദിച്ചില്ല.

മൂന്നാമതൊരു വീട്ടിൽ ചെന്നു. അവിടെ യേശുവിന്റെ പടം വച്ചിട്ടുണ്ട്. അവിടെ നല്ലോണം പ്രായമുള്ള ഒരു അപ്പച്ചനും അദ്ദേഹത്തിന്റെ ഭാര്യയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. "മക്കളേ, കേറി വാ" എന്ന് പറഞ്ഞ് ആ അപ്പച്ചൻ ഞങ്ങളെ വീട്ടിൽ കയറ്റിയിരുത്തി. ആ വീട്ടിൽ ഞാനാണ് സംസാരിച്ചത്. ആ വീട്ടിലെ ചുമരിന്മേൽ ഞാനൊരു സ്ത്രീയുടെ ഫോട്ടോ കണ്ടു. എനിക്ക് നല്ല മുഖപരിചയം തോന്നി. അപ്പോൾ ആ അപ്പച്ചൻ പറഞ്ഞു: അതെന്റെ മരുമകളാണ്. തൃശ്ശൂർ ആണ്. പെട്ടെന്ന് എനിക്കാളെ ഓർമ്മ വന്നു. തൃശ്ശൂരുള്ള കോരത്ഡോക്ടറുടെ മകളാണത്. ആ വീട്ടിലെ മകനാണ് കല്യാണം കഴിച്ചത്. ഞാൻ വിശേഷങ്ങളൊക്കെ ചോദിച്ചറിഞ്ഞു. ശാന്തമായ നിലയിൽ സുവിശേഷം പറഞ്ഞു. കൈയിലുണ്ടായിരുന്ന ട്രാക്റ്റും കൊടുത്തു.

അടുത്ത വീട്ടിലേക്ക് ചെന്നപ്പോൾ, അവർക്ക് ഞങ്ങളെ സ്വീകരിക്കാൻ മടിയുള്ളതുപോലെ തോന്നി. അവർ യാക്കോബായക്കാരായിരുന്നു. ഞാൻ അവരോട് വീട്ടുപേരൊക്കെ ചോദിച്ചു. വീട്ടുപേര് പറഞ്ഞപ്പോൾ എനിക്ക് പരിചയമുള്ളതുപോലെ തോന്നി. ഞങ്ങളുടെ പ്രദേശത്ത് അതേ വീട്ടുപേരുള്ള ഒരു കുടുംബമുണ്ട്. ചുവന്നമണ്ണിലുള്ള ആ കുടുംബത്തെക്കുറിച്ച് അവരോട് പറഞ്ഞപ്പോൾ, അത് അവരുടെ സ്വന്തക്കാരാണെന്നും കുറെ കാലം മുമ്പ് അവിടേക്ക് പോയതാണെന്നും പറഞ്ഞു. അവിടത്തെ കുട്ടികളെ സൺഡേസ്കൂൾ പഠിപ്പിച്ച കാര്യം ഞാൻ അവരോട് പറഞ്ഞു. അത്രയും കേട്ടപ്പോൾ അവർ ഞങ്ങളോട് കയറിയിരിക്കാൻ പറഞ്ഞു. ഞാൻ ആ വീട്ടിലും സുവിശേഷം പറഞ്ഞു.

മറ്റൊരു സന്ദർഭത്തിൽ ഭവനസന്ദർശനത്തിനു പോയപ്പോൾ എന്റെ കൂടെ രണ്ട് ചെറുപ്പക്കാരാണ് ഉണ്ടായിരുന്നത്. രണ്ടുപേരും പ്രിഡിഗ്രി വിദ്യാർത്ഥികളായിരുന്നു. അവർക്കൊരു പ്രാക്റ്റീസിനുവേണ്ടി എന്റെ കൂടെ വിട്ടതാണ്. കൊടുങ്ങല്ലൂർ ഭാഗത്താണ് ഞങ്ങൾ പോയത്. ഞങ്ങൾ ഒരു വീട്ടിൽ കയറിയപ്പോൾ അവിടെ രണ്ട് പെൺകുട്ടികളും അവരുടെ അമ്മയുമാണ് ഉണ്ടായിരുന്നത്. ഞങ്ങൾ സുവിശേഷം പറയാനായി വന്നവരാണെന്ന്

പറഞ്ഞപ്പോൾ, ആ സ്ത്രീ ഞങ്ങളോട് പറഞ്ഞു. "നിങ്ങൾ അമ്മയില്ലാത്ത വരല്ലേ?" (മരിയഭക്തി കാണിക്കാത്തവരെയാണ് കത്തോലിക്കർ അമ്മയി ല്ലാത്തവർ എന്നു വിളിക്കുന്നത്)

ഞാൻ ശാന്തമായി പറഞ്ഞു: "ഞങ്ങൾ അമ്മയുള്ളവർ തന്നെയാണ്. എന്റെ അമ്മ വളരെ ബാല്യത്തിലേ എനിക്ക് നഷ്ടപ്പെട്ടു." "ആ അമ്മയുടെ കാര്യമല്ല ഞാൻ പറയുന്നത്" എന്ന് ആ സ്ത്രീ പ്രതികരിച്ചു. ഞാൻ പറ ഞ്ഞു: "മനസ്സിലായി. കന്യകാമറിയത്തിന്റെ കാര്യമാണ് നിങ്ങൾ പറയുന്നത് എന്നെനിക്കറിയാം. യേശുവിന്റെ അമ്മയെ ഞങ്ങൾ ഏറ്റവുമധികം ബഹു മാനിക്കുന്നു. സ്ത്രീകളിൽ ഏറ്റവും ഭാഗ്യവതിയാണ്." ഉടനെ ആ സ്ത്രീ ചോദിച്ചു: "പിന്നെന്താ നിങ്ങൾ മാതാവിനെ അംഗീകരിക്കാത്തത്?" "ആര് പറഞ്ഞു ഞങ്ങൾ അംഗീകരിക്കുന്നില്ലെന്ന്?" എന്ന് ഞാൻ തിരിച്ചുചോദിച്ചു.

"നിങ്ങളുടെ പക്കൽ ബൈബിളിലില്ലേ?" എന്ന് ഞാൻ ചോദിച്ചപ്പോൾ, "ബൈബിളൊക്കെ ഇവിടെയുണ്ട്. അത് നിങ്ങളുടെ ബൈബിൾ പോലെ യല്ല" എന്നവർ പറഞ്ഞു. ആ ബൈബിളെടുത്തുകൊണ്ടുവരാൻ അവരോട് പറഞ്ഞപ്പോൾ, കുരിശടയാളമുള്ള പിഒസി ബൈബിൾ അവർ കൊണ്ടുവ ന്നു. "ഇതിൽ എവിടെയാണ് മാതാവിനോട് പ്രാർത്ഥിക്കാൻ പറഞ്ഞിട്ടുള്ളത് എന്ന് കാണിച്ചുതരൂ" എന്ന് ഞാൻ പറഞ്ഞു. അപ്പോൾ അവരുടെ മകൾ പറഞ്ഞു: "അങ്ങനെയൊന്നും ബൈബിളിൽ ഇല്ല. ഞങ്ങളുടെ സഭ പഠിപ്പി ക്കുന്നതാണ്". "ബൈബിളിനാണോ സഭ പഠിപ്പിക്കുന്നതിനാണോ പ്രാധാന്യം കൊടുക്കേണ്ടത്" എന്ന് ഞാൻ തിരിച്ചുചോദിച്ചു. അവിടെയുള്ള രണ്ട് പെൺമ ക്കൾ ബൈബിളിനാണ് പ്രാധാന്യം എന്നു പറഞ്ഞു. പക്ഷേ അവരുടെ അമ്മ പറഞ്ഞത്, സഭയുടെ പഠിപ്പിക്കലിനാണ് എന്നാണ്.

ഏതായാലും അവർ ഞങ്ങളോട് ഇരിക്കാൻ പറഞ്ഞു. ഞങ്ങൾ ഇരു ന്നു. ഒരു മണിക്കൂറോളം ഞങ്ങൾ അവരോട് സംസാരിച്ചു. യേശുവിന് സഹോദരന്മാരും സഹോദരിമാരും ഉണ്ട് എന്നു പറഞ്ഞപ്പോൾ, അത് മാതാ വിന്റെ ബന്ധുക്കളാണ് എന്ന് അവർ മറുപടി നൽകി. അവരുടെ ബൈബി ളിൽനിന്ന് തന്നെ യേശുവിന് സഹോദരന്മാരും സഹോദരിമാരും ഉണ്ടെന്ന് സമർത്ഥിക്കാൻ ഞങ്ങൾക്കിടയായി.ഞാൻ ഭവനസന്ദർശനത്തിനു പോകു മ്പോൾ ഇംഗ്ലീഷ്ബൈബിൾ-പുതിയനിയമം കൈവശം വയ്ക്കാറുണ്ട്. അതിൽനിന്ന് ചില ഭാഗങ്ങൾ ഞാൻ ആ കുട്ടികളെക്കൊണ്ട് വായിപ്പിച്ചു. ആ പെൺകുട്ടികൾ ഡിഗ്രിക്ക് പഠിക്കുന്നവരായിരുന്നു.

സുവിശേഷത്തോടുള്ള ബന്ധത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ആളാംപ്രതിവേലയും ഭവനസന്ദർശനവും തന്നെയാണ്. പ്രസംഗിക്കാൻ എനിക്ക് വരമില്ല. ഞാൻ വചനം പഠിപ്പിക്കും. എന്നെ ഏറ്റവുമധികം ദൈവം ഉപയോഗിച്ചിട്ടുള്ളത് വീടുകൾ സന്ദർശിച്ച് സുവിശേഷം പറയുന്നതിനാണ്.

സുവിശേഷവേലയിലെ പരമപ്രധാനമായ പ്രവർത്തനമാണ് ഭവനസന്ദർശനം. ഓരോ വീട്ടിലേക്കും കയറിച്ചെല്ലുമ്പോൾ എങ്ങനെ പെരുമാറണം എന്നത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇക്കാര്യം ഞാൻ എന്റെ സഹോദരന്മാരോടെല്ലാം പറയുന്ന കാര്യമാണ്. ഭവനസന്ദർശനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഞാൻ പുസ്തകം തന്നെ എഴുതിയിട്ടുണ്ട്.

നാം ഒരു വീട്ടിൽ സുവിശേഷം പറയാനായി ചെല്ലുമ്പോൾ അവരെ പ്രയാസപ്പെടുത്തുന്ന രീതിയിൽ സംസാരിക്കരുത്. താത്പര്യം കാണിക്കാത്തവരോട് വീട്ടുവിശേഷമോ വീട്ടുപേരോ ഒക്കെ ചോദിച്ച് അവരിൽ താത്പര്യം ജനിപ്പിക്കാൻ ശ്രമിച്ചുനോക്കാം. ഒരു വീട്ടിൽ ചെന്ന്, നിങ്ങൾ രക്ഷിക്കപ്പെട്ടതാണോ, ദൈവപൈതലായിത്തീർന്നോ എന്നൊക്കെ നേരിട്ട് ചോദിക്കുന്നതിനേക്കാൾ നല്ലത്, അവരുടെ പൊതുമനോഭാവം മനസ്സിലാക്കി അവരോട് അതിനനുസരിച്ച് ഇടപെടുന്നതാണ്. അവർ നമ്മെ വീട്ടിൽ കയറ്റിയിരുത്തിയാൽ അവരുടെ ചുമരിലുള്ള ഫോട്ടോകളോ അവിടെയുള്ള കരകൗശലപ്പണികളോ അവരുടെ മേശപ്പുറത്തുള്ള പുസ്തകങ്ങളോ ഒന്നും എടുത്ത് നോക്കരുത്. അവരുടെ വീട്ടിൽ എന്തെങ്കിലും കണ്ടാൽ അത് എന്താണെന്ന് ചോദിക്കാനും പോകരുത്.

ഒരാൾ അവരോട് സുവിശേഷം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ കൂടെയുള്ള മറ്റു സഹോദരന്മാർ ആ വീടിന്റെ ഏതെങ്കിലും റൂമിലേക്ക് നോക്കുകയോ അവിടെ അകത്തുള്ള ആളുകളെ ശ്രദ്ധിക്കുകയോ ചെയ്യരുത്. അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. ആരോടാണോ സുവിശേഷം പറഞ്ഞുകൊണ്ടിരിക്കുന്നത്, ആ ആളെ മാത്രമേ നാം ശ്രദ്ധിക്കാൻ പാടുള്ളൂ. ഇതെല്ലാം ദൈവദാസന്മാർ എന്നെ പഠിപ്പിച്ചതാണ്. ഞാൻ തനിയെ പഠിച്ചതൊന്നുമല്ല.

ഞാൻ ഇപ്പോൾ താമസിക്കുന്ന ചുവന്നമണ്ണിൽ 1974 മുതൽ ഞാൻ ഭവനസന്ദർശനം നടത്തുന്നു. 1975 ൽ ഉറവുംപാടത്ത് സൺഡേസ്കൂൾ ആരംഭിച്ചു. 2025 ജനുവരിയിൽ അമ്പത് വർഷം പൂർത്തിയാവുകയാണ്. ആ ഭാഗത്തുള്ള അമ്പതും അറുപതും വയസ്സുള്ള ആളുകളിൽ പലരെയും ഞാൻ സൺഡേസ്കൂൾ പഠിപ്പിച്ചിട്ടുള്ളതാണ്. സുവിശേഷകൻ ബിജു ചുവന്നമണ്ണ് ഉൾപ്പെടെയുള്ളവർ എന്റെ സൺഡേസ്കൂൾ വിദ്യാർത്ഥികളാണ്. ഞാൻ കൂടിവരുന്ന സഭയിലെ തന്നെ നാലോ അഞ്ചോ കുടുംബങ്ങൾ എന്റെ സൺഡേസ്കൂൾ വിദ്യാർത്ഥികളാണ്. ഇന്ന് അവർ പിതാക്കന്മാരായി.

ആളാംപ്രതിവേലയും ഭവനസന്ദർശനവും വിലയേറിയ ശുശ്രൂഷയാണ്. നമ്മുടെ കർത്താവ് അതാണ് ആദ്യം ചെയ്തത്. ഓരോ പ്രദേശത്തേക്കും ഈരണ്ടുപേരെ വീതം വീടുകളിലേക്ക് അയച്ചു. ഞാൻ പങ്കുവച്ച എന്റെ ഈ അനുഭവങ്ങൾ വായനക്കാർക്ക് പ്രയോജനം ചെയ്യുമെന്നു വിശ്വസിക്കുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ. **(തുടരും)**

# യോനാ
## (പുസ്തകപഠനം)

8

### -എംവിഎസ്-

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:4**

**യഹോവയോ സമുദ്രത്തിൽ ഒരു പെരുങ്കാറ്റ് അടിപ്പിച്ചു. കപ്പൽ തകർന്നു പോകുവാൻ തക്കവണ്ണം സമുദ്രത്തിൽ വലിയൊരു കോൾ ഉണ്ടായി.**

ശാന്തമായി നീങ്ങുന്ന കപ്പൽ... ശാന്തമായ പ്രകൃതി... യോനാ എന്നു പേരുള്ള ഒരുത്തൻ ആ കപ്പലിൽ വന്ന് കയറിയതോടുകൂടി എല്ലാ സ്വസ്ഥതയും നശിച്ചു. വന്നു കയറിയതാകട്ടെ യഹോവയുടെ പ്രവാചകനും! അങ്ങനെയൊരാൾ അവിടെ വന്ന് കയറിയാൽ അവർ അനുഗ്രഹിക്കപ്പെടേണ്ടതായിരുന്നു. പക്ഷേ സംഭവിച്ചത് അതല്ല.

1 രാജാക്കന്മാർ 17 ൽ നാം സാരെഫാത്തിലെ ഒരു സ്ത്രീയെ കാണുന്നു. അവൾ വിധവയായിരുന്നു. ഒരു മകൻ അവൾക്കുണ്ടായിരുന്നു. "കലത്തിൽ ഒരു പിടി മാവും തുരുത്തിയിൽ അല്പം എണ്ണയും മാത്രമല്ലാതെ" അവരുടെ പക്കൽ ഒന്നുമില്ലായിരുന്നു. യഹോവയുടെ പ്രവാചകനായ ഏലിയാവ് അവിടേക്ക് കടന്നുവന്നപ്പോൾ, അവളുടെ ജീവിതം അനുഗ്രഹിക്കപ്പെട്ടു. അതുവരെ അവളുടെ ജീവിതം വരണ്ട വയലിനു തുല്യമായിരുന്നു. ഏലിയാവ് അവിട കാല് കുത്തിയതോടുകൂടി അവളുടെയും മകന്റെയും ജീവിതം പച്ചപ്പ് നിറഞ്ഞതായി.

2 രാജാക്കന്മാർ 2 ൽ, "വെള്ളം ചീത്തയും ദേശം ഗർഭനാശകവും ആയ" ഒരു പ്രദേശത്തെ കാണുന്നു. പക്ഷേ യഹോവയുടെ പ്രവാചകനായ എലീശയുടെ വരവോടെ ആ ദേശം അനുഗ്രഹിക്കപ്പെട്ടു. "ഇനി ഇതിനാൽ മരണവും ഗർഭനാശവും ഉണ്ടാകയില്ല" എന്ന് പ്രവാചകൻ പറഞ്ഞു (2:21). യഹോവയുടെ പ്രവാചകന്മാർ ചെല്ലുന്നയിടങ്ങൾ അനുഗ്രഹിക്കപ്പെടുന്നു. പക്ഷേ യഹോവയുടെ പ്രവാചകനായ യോനാ വന്നുകയറിയതോടെ കപ്പലിലുള്ളവരുടെ സ്ഥിതി മോശമാവുകയാണുണ്ടായത്!

"അവള് വലുതുകാല് വച്ച് കേറിവന്നേപ്പിന്നെ ഈ കുടുംബം മുടിഞ്ഞു" എന്നു പരാതിപ്പെടുന്നവർ, "അവന്റെ തല വെട്ടം കണ്ടേപ്പിന്നെ

ഈ കുടുംബം തകർന്നു" എന്നു പരാതിപ്പെടുന്നവർ... എന്നാൽ പത്രൊസ് വീട്ടിൽ വന്ന് കയറിയപ്പോൾ കോർന്നേല്യൊസ് പറഞ്ഞത് "നീ വന്നത് ഉപകാരം" എന്നാണ് (അപ്പൊ.പ്രവൃ.10:33). യേശു ചെന്നിടത്തെല്ലാം ആളുകൾ അനുഗ്രഹിക്കപ്പെടുകയായിരുന്നു. കാനായിലെ കല്യാണവീട്ടിൽ, ലാസറിന്റെ വീട്ടിൽ, സക്കായിയുടെ വീട്ടിൽ, കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ, അങ്ങനെ എത്രയോ വീടുകളിലുള്ളവർ അനുഗ്രഹിക്കപ്പെട്ടു. ആശയപരമായി കർത്താവിനാൽ വിമർശിക്കപ്പെട്ടുകൊണ്ടിരുന്ന പരീശന്മാർ വരെ കർത്താവിന് ഒരു നേരത്തെ ഭക്ഷണം കൊടുക്കാൻ ഉത്സാഹിച്ചിരുന്നു.

പ്രവാചകനായ യോനാ വന്നുകയറിയപ്പോൾ സമുദ്രത്തിന്റെ ശാന്തത നഷ്ടപ്പെട്ടു. കപ്പലിന്റെ താളം നഷ്ടപ്പെട്ടു. കപ്പലിലുള്ളവരുടെ മനഃസ്സമാധാനം നഷ്ടപ്പെട്ടു. കപ്പൽ തകർന്നുപോകുമെന്ന അവസ്ഥയായി. പ്രിയ ദൈവജനമേ, നാം കയറിച്ചെല്ലുന്നിടത്ത് ഒരു അനുഗ്രഹം ആകണം. ആർക്കും ഒരു ശല്യമോ തലവേദനയോ ആകരുത്. നാം കാരണം ഒരിടത്തും ഒരു പെരുങ്കാറ്റ് ഉണ്ടാകാതിരിക്കട്ടെ. അനുസരണയില്ലാത്ത മക്കൾ നിമിത്തം ചില കുടുംബങ്ങളിൽ കൊടുങ്കാറ്റുണ്ടാകുന്നു. ചിലരുടെ ഈഗോ നിമിത്തം ജോലിസ്ഥലങ്ങളിൽ കൊടുങ്കാറ്റുണ്ടാകുന്നു. "ഒരൊറ്റ പാപി വളരെ നന്മ നശിപ്പിച്ചുകളയുന്നു" (സഭാപ്രസംഗി 9:18). ചത്ത ഒറ്റ ഈച്ച നിമിത്തം തൈലക്കാരന്റെ തൈലം നാറുന്നു (സഭാപ്രസംഗി 10:1). ചിന്തിക്കുക, നാം ഒരു അനുഗ്രഹം ആണോ?

ഒരു സംഭവം കേൾക്കൂ: വിശ്വാസിയായ ഒരു യുവതിയുടെ വിവാഹം നടന്നു. പയ്യൻ ആത്മികമായി നല്ല നിലയിലുള്ളവനാണ് എന്നാണ് കേട്ടത്. പക്ഷേ വിവാഹദിവസം കൂട്ടുകാരോടൊപ്പം സമയം ചെലവിട്ടതിനുശേഷം, ആദ്യരാത്രി മുറിയിലേക്ക് കയറിച്ചെന്നത് 'നാലുകാലേൽ' ആയിരുന്നത്രേ! ധീരയായ ആ യുവതി ആ മുറിയിൽനിന്ന് പുറത്തേക്ക് പോയി. അയാളോടൊപ്പം ജീവിക്കാൻ പിന്നെ തയ്യാറായില്ല. ആ വിവാഹം അലസി. ഇത് സംബന്ധിച്ച് 'ദൈവദാസന്മാർ' തർക്കങ്ങൾ ഉന്നയിച്ചു. ആ യുവതിയുടെ വിവാഹം നടന്നതുകൊണ്ട് അവൾ എന്തുവന്നാലും അവന്റെ കൂടെ ജീവിക്കണമെന്ന് ഒരു കൂട്ടർ; ആദ്യരാത്രി കഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് വിവാഹമോചനം ആകാം എന്ന് മറ്റൊരു കൂട്ടർ. എന്തൊക്കെ പ്രശ്നങ്ങളായിരുന്നു! എല്ലാം ആ ഒരൊറ്റ പാപി വരുത്തിവച്ചതാണ്. തൈലം മൊത്തം നാറ്റിയ ചത്ത ഈച്ച!

സഭയിലോ സമൂഹത്തിലോ കുടുംബത്തിലോ ഒരു കൊടുങ്കാറ്റിനു കാരണക്കാരനാണോ ഞാൻ? സമാധാനവും സന്തോഷവും നഷ്ടപ്പെടുത്തുന്നവനാണോ ഞാൻ? ശാന്തതയുള്ള ഒരു സ്ഥലത്തേക്ക് ഞാൻ ചെന്നാൽ അവിടെ വഴക്കുണ്ടാകുമോ? ഞാൻ വായ് തുറന്നാൽ വഴക്കുണ്ടാകുമോ? ചിന്തിക്കുക. ആത്മപരിശോധന നടത്തുക.

**പെരുങ്കാറ്റ്**

ഇവിടെയുണ്ടായ പെരുങ്കാറ്റ് മറ്റുള്ളവരുടെ ഉറക്കം കെടുത്തി, അവരെ പ്രാണഭയത്തിലാക്കി. യോനായുടെ അനുസരണക്കേടിന്റെ ഫലമായി ഉണ്ടായ കൊടുങ്കാറ്റായിരുന്നു അത്. യോനാ ദൈവത്തെ അനുസരിച്ച് നീനെവേയിലേക്ക് പോയിരുന്നുവെങ്കിൽ ഈ കൊടുങ്കാറ്റ് ഉണ്ടാകുമായിരുന്നില്ല. അനുസരണക്കേടിന്റെ ഫലമായി മാത്രം ഉണ്ടായ കൊടുങ്കാറ്റ് ആയിരുന്നു അത്.

അനുസരണക്കേട് നിമിത്തം നമ്മുടെ ജീവിതത്തിൽ പെരുങ്കാറ്റുണ്ടാകാറുണ്ട്. നല്ല നിലയിലും നല്ല ഉദ്ദേശ്യത്തോടെയും ജീവിക്കുമ്പോൾ ഉണ്ടാകുന്ന പെരുങ്കാറ്റാണെങ്കിൽ ഭയപ്പെടേണ്ട. അത് താനേ കെട്ടടങ്ങും. അങ്ങനെയുള്ള പെരുങ്കാറ്റുകൾ പല ദൈവമക്കളുടെയും ജീവിതത്തിൽ ഉണ്ട്. പല ദൈവമക്കളുടെയും ഹൃദയത്തിലും ഭവനത്തിലും പെരുങ്കാറ്റുകൾ ഉണ്ട്. ധൈര്യമായിരിക്കുക. നിങ്ങളുടെ പടക് മുങ്ങുകയില്ല. കാരണം പടകിൽ യേശുവുണ്ട്. പെരുങ്കാറ്റുമൂലമുണ്ടായ തിരകൾ ഒതുങ്ങുന്നത് കാണാൻ കാത്തിരിക്കുക.

കൊടുങ്കാറ്റ് പെട്ടെന്നുണ്ടാകയില്ല. അത് ചെറിയ രീതിയിൽ രൂപം കൊണ്ട് ക്രമേണ ശക്തിപ്രാപിക്കുന്നതാണ്. നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന ഓരോ അനുസരണക്കേടു നിമിത്തവും ശക്തി പ്രാപിച്ച് ശക്തി പ്രാപിച്ച് അവസാനം ആഞ്ഞടിക്കുന്ന പെരുങ്കാറ്റ് ഉണ്ടാകുന്നു. യേശുവിനെ ഒറ്റിക്കൊടുത്ത യൂദായെ നോക്കുക. യൂദാ മന്ദിരത്തിലേക്ക് ഓടുന്നു... മന്ദിരത്തിൽ വെള്ളിക്കാശ് വലിച്ചെറിയുന്നു... തിരിച്ചോടുന്നു... കെട്ടിഞാന്ന് ചാകുന്നു. അനുസരണക്കേടിന്റെ ഫലമായി സമ്പാദിച്ച കൊടുങ്കാറ്റിനെയാണ് നാം അവിടെ കാണുന്നത്.

ഈ കൊടുങ്കാറ്റ് പെട്ടെന്ന് രൂപംകൊണ്ടതല്ല. "ഈ തൈലം 300 വെള്ളിക്കാശിന് വിറ്റ് ദരിദ്രർക്ക് കൊടുത്തുകൂടെ" എന്നു യൂദാ ചോദിച്ചപ്പോഴും, ഇടയ്ക്കിടെ പണം മോഷ്ടിച്ച് സ്വന്തം കാര്യങ്ങൾ അവൻ നടത്തുമ്പോഴും കൊടുങ്കാറ്റിന്റെ അലകൾ രൂപം കൊള്ളുന്നുണ്ടായിരുന്നു. അത് ക്രമേണ ശക്തി പ്രാപിച്ച് ഒടുവിൽ അവന്റെ ജീവിതത്തിലെ സമാധാനം നഷ്ടപ്പെട്ടു. ആ കൊടുങ്കാറ്റ് നിമിത്തം അവൻ ആത്മഹത്യ ചെയ്തു.

അപ്പൊ.പ്രവൃ.1:17,18 ൽ യൂദാ ഒരു നിലം വാങ്ങിയ കാര്യം പറയുന്നുണ്ട്. ഈ നിലം വാങ്ങാനുള്ള ആഗ്രഹത്തോടെയാണോ അവൻ യേശുവിന്റെ കൂടെ വന്നത്? ആ ആഗ്രഹം അവന്റെ ജീവിതത്തിൽ കൊടുങ്കാറ്റ് സൃഷ്ടിച്ചു. ആ കൊടുങ്കാറ്റിനെ അതിജീവിക്കാൻ കഴിയാതെ അവൻ പരാജിതനായി ആത്മഹത്യ ചെയ്തു.

**(തുടരും)**

# 10-ാം വിവാഹവാർഷികം

## ബിന്നു ഏലിയാസ്, കുരിയിച്ചിറ

[കുടുംബജീവിതത്തിൽ 10 വർഷം പൂർത്തിയാക്കിയതിന്റെ സന്തോഷത്തിൽ സഹോദരി ബിന്നു ഏലിയാസ് എഴുതിയതാണ് ഈ കവിത. തനിക്കൊരു കുടുംബജീവിതം തന്നത് ദൈവമാണെന്ന ബോധ്യത്തിന്റെയും, നല്ല മാതൃകാദമ്പതികളായി തങ്ങൾ ഇരുവരും നിലനിൽക്കണമെന്നുള്ള ആഗ്രഹത്തിന്റെയും പ്രതിഫലനമാണ് ഈ കവിത. മുപ്പിരിച്ചരട് അറ്റുപോകാത്തതുപോലെ, യേശുവിനോടുകൂടെയുള്ള കുടുംബജീവിതം നല്ല ഉറപ്പുള്ളതായിരിക്കും. സന്തോഷത്തിന്റെയും സങ്കടത്തിന്റെയും സാഹചര്യമായാലും, ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച്നിന്ന് കുടുതൽ കൃപ പ്രാപിക്കണം. പരസ്പരം സ്നേഹിച്ചും മാനിച്ചും കരുണ കാണിച്ചുംകൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ മാതൃകാദമ്പതികളായി നാം കാണപ്പെടണം. ഈ ആശയങ്ങളെല്ലാം കോർത്തിണക്കി എഴുതിയതാണ് ഈ കവിത]

ഈ ഭൂമിയിൽ എനിക്കായ് ദൈവം
കരുതി, ഈ നൽതുണയെ
മരണം തമ്മിൽ വേർപിരിക്കുംവരെ
ഒന്നായ് വാണിടുവാൻ.

മുപ്പിരി ചരടുപോൽ, യേശുവിനൊപ്പം
ജീവിതം പണിതീടുകിൽ
സ്വർഗ്ഗത്തിൻ ചിത്രം
ഭൂമിയിൽ സാധ്യമായിടും.

സുഖമോ ദുഃഖമോ രോഗമോ
കണ്ണീരോ സമ്പത്തോ ഏതവസ്ഥയിലും
ഒന്നായ് നിന്നിടുകിൽ
കൃപമേൽ കൃപയാർന്നിടും.

തമ്മിൽ ക്രിസ്തുവിൻ സ്നേഹവും
മാനവും കരുണയും എന്നും സൂക്ഷിക്കേണം;
ജീവൻ പകുത്തുനൽകും
സ്നേഹത്തിൻ മാതൃകയാകാം.

# ഇമ്മാനുവിന്റെ സംശയങ്ങൾ

45

എംവിഎസ്

## ഇമ്മാനുവിന്റെ സങ്കടം!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

രാവിലെ 'പാപ്പം' വേണമെന്ന് പറഞ്ഞ് ഇമ്മാനു വാശിപിടിച്ചു. "മിണ്ടാതിരിക്കെടാ' എന്നലറിക്കൊണ്ട് വടിയെടുത്ത് ഞാൻ ചെന്നെങ്കിലും എന്റെ ഭാര്യ തടഞ്ഞു:

"അവൻ നാലാംക്ലാസ്സിൽ പഠിക്കുന്ന കുഞ്ഞുകുട്ടിയല്ലേ?"

അവളങ്ങനെ പറഞ്ഞപ്പോൾ, "എന്നാൽ അവൻ പോയി എന്തെങ്കിലും പലഹാരം വാങ്ങിച്ചോട്ടെ" എന്ന് ഞാൻ പറഞ്ഞു.

രണ്ട് റൗണ്ട് തുള്ളിച്ചാടി ആഹ്ലാദം പ്രകടിപ്പിച്ചതിനുശേഷം ഇമ്മാനു കടയിലേക്കോടി. "ഞാൻ എനിക്ക് ഇഷ്ടമുള്ള പാപ്പം വാങ്ങിക്കും" എന്ന് അവൻ വിളിച്ചുപറയുന്നുണ്ടായിരുന്നു.

തിരിച്ചുവന്നപ്പോൾ അവന്റെ മുഖത്ത് സങ്കടം.

"എന്തുപറ്റി ഇമ്മാനു?" അവന്റെ അമ്മ ചോദിച്ചു.

അവൻ ചെറുതായൊന്ന് തേങ്ങി.

"എന്തു പറ്റിയെടാ?" ഞാൻ സംഭ്രമത്തോടെ ചോദിച്ചു.

മൂക്കും കണ്ണും തുടച്ചുകൊണ്ട് അവൻ വളരെ സങ്കടത്തോടെ പറഞ്ഞു:

"ഒരു ചേട്ടൻ സൈക്കിളിന്റെ പുറകിൽ ഐസിന്റെ വല്യ കട്ട വച്ചിട്ട് സൈക്കിൾ ചവിട്ടി പോകുന്നു"

"അതിന്?" എനിക്ക് ആംകാക്ഷയായി.

"ആ ചേട്ടൻ ലക്ഷ്യസ്ഥാനത്തെത്തുമ്പോഴേക്കും ആ ഐസ്കട്ട മുഴുവൻ വെള്ളമായി മാറും. പാവം ചേട്ടൻ. നല്ല സ്പീഡിൽ സൈക്കിൾ ചവിട്ടിപോകുന്നത് കണ്ടപ്പോ..." ഇത്രയും പറഞ്ഞപ്പോഴേക്കും ഇമ്മാനുവിന്റെ കണ്ണ് വീണ്ടും നിറഞ്ഞു.

"ഒറ്റ വീക്ക് വച്ചുതരും ഞാൻ" എന്നും പറഞ്ഞ് ഞാൻ മുന്നോട്ടാഞ്ഞെങ്കിലും എന്റെ ഭാര്യ എന്നെ പിടിച്ചുനിർത്തി.

അവൾ ഇമ്മാനുവിനെ ചേർത്തുനിർത്തി അവന്റെ തലയിൽ വിരലോടിച്ചുകൊണ്ട് പറഞ്ഞു: "എന്റെ മോന് മറ്റുള്ളവരെക്കുറിച്ച് ചിന്തയുണ്ട്. അവരുടെ പ്രശ്നങ്ങളെക്കുറിച്ച് ചിന്തയുണ്ട്. എന്റെ മോൻ പാവാണ്"

ഇമ്മാനു അഭിമാനത്തോടെ നിൽക്കുമ്പോൾ ഞാൻ ദേഷ്യത്തോടെ പറഞ്ഞു: "സ്വന്തം കാര്യം മാത്രം അവന് ചിന്തയില്ല. വല്ലവന്റെ കാര്യം ഓർത്തു മോങ്ങാൻ വന്നിരിക്കുന്നു."

വൈകുന്നേരം മൂപ്പൻ വീട്ടിലേക്ക് വന്നു. മൂപ്പനെ കണ്ടയുടനെ ഇമ്മാനു പറഞ്ഞു: "മൂപ്പനങ്കിൾ, ഇന്നലെ ആ ജംഗ്ഷനിൽ **ട്രാക്റ്റർ** കൊടുക്കുന്നത് ഞാൻ കണ്ടു."

ഉടനെ മൂപ്പൻ തിരുത്തി: "ട്രാക്റ്ററല്ല, ട്രാക്റ്റ്. മതപരമായതോ രാഷ്ട്രീയവുമായി ബന്ധപ്പെട്ടതോ ആയ ലഘുലേഖക്കാണ് ട്രാക്റ്റ് എന്നു പറയുന്നത്."

ഇതും കേട്ടുകൊണ്ടാണ് ഇറ്റ്യാനം ചേടത്തി വരുന്നത്. അവർ സന്തോഷത്തോടെ പറഞ്ഞു: "ന്റെ മൂപ്പാ, ട്രാക്റ്റിന്റെ അർത്ഥം ഇപ്പളാണ് മനസ്സിലായത്. **സോസ്ത്രം**"

"സോസ്ത്രമല്ല ഇറ്റ്യാനം, സ്തോത്രം എന്നാണ്'' മൂപ്പൻ ഇത് പറഞ്ഞത് ഇറ്റ്യാനംചേടത്തിക്ക് അത്ര കണ്ട് താത്പര്യമായില്ല.

"ഓ, നുമ്മ വെവരം കുറവുള്ള ആളാണേ... അന്ത്രോസ് **ശവുമേൽ** എന്നാണല്ലോ പറയുന്നത്. മൂപ്പൻ അതെന്താ തിരുത്താത്തത്?"

''അന്ത്രോസിനെ പല തവണ തിരുത്തിയിട്ടുള്ളതാണ്. എന്നാലും ശവുമേൽ എന്നേ പറയൂ. അന്ത്രോസ് മാത്രമല്ല ക്രിസ്തീയഗോളത്തിലെ പലരും **ശവുമേൽ** എന്നാണ് പറയുന്നത്. ശമുവേൽ എന്നു പറയാൻ പലരും ശ്രമിക്കാറില്ല."

അപ്പോഴാണ് ഞാൻ രാവിലെ നടന്ന സംഭവം പറഞ്ഞത്. ഐസ്കട്ട ഉരുകി വെള്ളമായിപ്പോകുമെന്ന് പറഞ്ഞ് വേവലാധിപൂണ്ട ഇമ്മാനുവിന്റെ കാര്യം ഞാൻ പറഞ്ഞപ്പോൾ ഇറ്റ്യാനംചേടത്തി മൂക്കത്ത് വിരൽ വച്ചു. "ആ മണ്ടന് ആ ഐസ്കട്ട് വല്ല കാറിലും കൊണ്ട് പൊയ്ക്കൂടെ. അപ്പൊ നല്ല സ്പീഡിൽ എത്തുമല്ലോ.വെവരദോഷി"

മൂപ്പൻ ചിരിച്ചു.

''അതെന്താ മൂപ്പനങ്കിൾ ചിരിച്ചത്?" ഇമ്മാനുവിന്റെ സംശയം.

മൂപ്പൻ പറഞ്ഞു: ''ഇമ്മാനു, ഐസ്കട്ട അങ്ങനെ എളുപ്പത്തിൽ വെള്ളമാകില്ല. വലിയ അളവിൽ താപോർജ്ജം (heat energy) ലഭിക്കണം. രാവിലെ ആയതുകൊണ്ട് താപോർജ്ജം വളരെ കുറവാണ്. ഒരു കിലോ ഐസിന് വെള്ളമായി മാറാൻ മുപ്പത്തിമൂന്നര ലക്ഷം ജൂൾ താപോർജ്ജം വേണം."

ഇമ്മാനു ഒന്നും മനസ്സിലാകാതെ നിന്നു. ഇമ്മാനുവിന്റെ കവിളിൽ തട്ടി മൂപ്പൻ വാത്സല്യത്തോടെ പറഞ്ഞു: "ഇമ്മാനു വലിയ ക്ലാസ്സിലാകുമ്പോൾ ഇതൊക്കെ പഠിക്കും."

ഇമ്മാനു തലയാട്ടി.

അപ്പോഴേക്കും ഇറ്റ്യാനത്തിന്റെ കമന്റ്: "ഇമ്മാനുട്ടന് മനസ്സിലായില്ലെങ്കിൽ ഇറ്റ്യാനമാന്റി പറഞ്ഞുതരാം."

ഇമ്മാനു ഒന്നു ഞെട്ടി. എന്നിട്ടു തൊഴുകയ്യോടെ പറഞ്ഞു: "വേണ്ട, ഞാൻ വലിയ ക്ലാസ്സിലാകുമ്പോൾ ഇതെല്ലാം പഠിച്ചോളാം." ഇങ്ങനെ പറഞ്ഞ് ഇമ്മാനു അമ്മയെ വട്ടംപിടിച്ചു. എന്നിട്ട് അമ്മയോട് പതുക്കെ പറഞ്ഞു: "ട്രെയിന് തല വയ്ക്കാൻ എനിക്ക് താത്പര്യമില്ല.'' അമ്മ അവനെ നുള്ളി. ❍

# സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 70

**-എംവിഎസ്-**

## രോഗികൾ ഭരിക്കുമ്പോൾ!

> സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിലും സൂപ്പർ സ്പെഷാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ 65-ാം വാർഷികദിനാഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. *(2017 ഫെബ്രുവരി 26 ലെ വാർത്ത)*

സമൂഹത്തിന് ഗുണം ചെയ്യുന്ന ഈ വാർത്ത എങ്ങനെ 'ദുരന്തക്കാഴ്ച'യാകും? തീർച്ചയായും അല്ല. ഇത് സുന്ദരക്കാഴ്ചയാണ്. നമ്മുടെ സർക്കാർ മെഡിക്കൽകോളേജുകൾ അന്നം മുടിഞ്ഞപോലെയല്ല കിടക്കേണ്ടത്. സ്വകാര്യകോളേജുകളുടെ ഒപ്പം, അതിനേക്കാളധികം, തലയെടുപ്പോടെ നിൽക്കണം. അഭിനന്ദനങ്ങൾ മുഖ്യമന്ത്രി!

ഏഴ് വർഷത്തിനുശേഷം, 2024 ൽ ചേലക്കരയിലെ ഉപതിരഞ്ഞെടുപ്പുവേളയിൽ മുഖ്യമന്ത്രി പറഞ്ഞത് ഇപ്രകാരമാണ്:

> അതിസമ്പന്നർ പോലും കേരളത്തിലെ സർക്കാർ ആശുപത്രിയിൽ ചികിത്സിക്കാൻ മോഹിക്കുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സമ്പന്നനായ ഒരു വ്യക്തി ഇക്കാര്യം അദ്ദേഹത്തോട് നേരിട്ട് പറഞ്ഞതാണത്രേ! സർക്കാർ ആശുപത്രിയിൽ ചികിത്സക്ക് പോകാൻ കൊതിയുണ്ടെന്നാണ് ഒരു സമ്പന്നൻ പറഞ്ഞത്. സ്വകാര്യ ആശുപത്രിയിൽ പണം നൽകി മികച്ച ചികിത്സ നടത്താൻ കെൽപ്പുള്ളയാളാണ് ആ സമ്പന്നൻ. സർക്കാർആശുപത്രികളിൽ എന്തെല്ലാം സൗകര്യങ്ങളാണ്! അവിടെ പോകാൻ നല്ല ആഗ്രഹവുമുണ്ട്. എന്നാൽ സർക്കാർആശുപത്രിയിൽ പോയാൽ പിശുക്കനാണെന്ന് ആൾക്കാർ കരുതും. ഈ ഒറ്റക്കാരണം കൊണ്ടാണ് പോകാത്തതെന്നു അയാൾ പറഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു.

സർക്കാർആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെട്ടുവെന്നു കാണിക്കുന്ന ഈ വാർത്ത എങ്ങനെ 'ദുരന്തക്കാഴ്ച'യാകും? തീർച്ചയായും അല്ല. സർക്കാർആശുപത്രിയിൽ പോകാൻ കൊതിച്ച ആ സമ്പന്നന്റെ പേരും

ഊരും വെളിപ്പെടുത്തിയിരുന്നുവെങ്കിൽ മുഖ്യമന്ത്രിയുടെ വാക്കുകൾക്ക് കുറച്ചുംകൂടി വിശ്വാസ്യത ഉണ്ടാകുമായിരുന്നുവെന്ന് ആരോ പറഞ്ഞുകേട്ടു.

2024 നവംബർ 27 ന് വന്ന വാർത്ത ഇനി നമുക്ക് നോക്കാം. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ നമ്മുടെ മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷ നേതാവും ചികിത്സയ്ക്കായി സർക്കാർഖജനാവിൽനിന്ന് (അതായത് പൊതുജനത്തിന്റെ പോക്കറ്റിൽനിന്ന്) ചെലവഴിച്ച ലക്ഷങ്ങളുടെ കണക്കായിരുന്നു അത്:

> ജൂലൈ 7, 2021 മുതൽ ഒക്ടോബർ 3, 2024 വരെ ചികിത്സയ്ക്കായി മുഖ്യമന്ത്രി പിണറായി വിജയൻ 77 ലക്ഷത്തിലധികം രൂപ ചെലവഴിച്ചു. കൃത്യമായി പറഞ്ഞാൽ, 77,74,356 രൂപ. പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ ഒന്നര ലക്ഷത്തോളം രൂപയാണ് ചെലവഴിച്ചത് (1,42,123 രൂപ). വൈദ്യുത മന്ത്രി കെ. കൃഷ്ണൻകുട്ടി ഏകദേശം 32 ലക്ഷം, വിദ്യാഭ്യാസമന്ത്രി ശിവൻകുട്ടി ഏകദേശം 19 ലക്ഷം...

ഭരിക്കുന്നവർക്ക് അസുഖം വന്നതും അതിന് ചികിത്സ തേടിയതുമായ ഈ വാർത്ത എങ്ങനെ 'ദുരന്തക്കാഴ്ച'യാകും? തീർച്ചയായും അല്ല. എങ്കിലും ഇവിടെ നാല് ചോദ്യങ്ങൾ പൊതുജനത്തിന് ചോദിക്കാനുണ്ട്.

ചോദ്യം 1: എന്ത് മാരകരോഗങ്ങളാണ് ഇവരെയൊക്കെ പിടികൂടിയത്?

ചോദ്യം 2: ഇവർ ചികിത്സ നേടിയത് സമ്പന്നന്മാർ പോലും വരാൻ കൊതിക്കുന്ന നമ്മുടെ സർക്കാർആശുപത്രികളിൽ ആണോ?

ചോദ്യം 3: ഇതുപോലെ രോഗങ്ങളും ചികിത്സയും ഒക്കെയാണെങ്കിൽ ഇവർക്ക് എവിടെയാണ് നാടിന്റെയും നാട്ടുകാരുടെയും കാര്യം നോക്കാൻ നേരം?

ചോദ്യം 4: ഇവർ വിശ്രമിക്കുകയും കുറച്ചുംകൂടി ആരോഗ്യമുള്ളവരെ കാര്യങ്ങൾ ഏല്പിക്കുകയും ചെയ്തുകൂടെ?

ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ഭരിക്കുന്നവർക്കും പ്രതിപക്ഷത്തിനും ബാധ്യതയുണ്ട്. കാരണം പൊതുജനത്തിന്റെ കാശെടുത്താണ് ഈ ചികിത്സയൊക്കെ നടത്തിയിരിക്കുന്നത്. കടുത്ത സാമ്പത്തിക ഞെരുക്കം അനുഭവിക്കുമ്പോഴും, പൊതുഖജനാവിൽനിന്ന് ലക്ഷങ്ങൾ ചെലവഴിച്ച് സ്വദേശത്തും വിദേശത്തുമുള്ള ലക്ഷ്വറിഹോസ്പിറ്റലുകളിൽ ചികിത്സ തേടിയാൽ അത് ദുരന്തക്കാഴ്ച തന്നെയല്ലേ? സർക്കാർആശുപത്രികളിൽ ഇവർ ചികിത്സ തേടാത്തത് ദുരന്തക്കാഴ്ചയല്ലേ? രോഗികളായ ഇത്രയധികം ആളുകൾ ഭരണം കയ്യാളുന്നത് മറ്റൊരു ദുരന്തക്കാഴ്ചയല്ലേ? ❍

# www.reallifevoice.in

## എം. വി. സെബാസ്റ്റ്യന്റെ കൃതികൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism:
    How Was It Taught and Practiced in the First Century?
24. The search for truth

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th January 2025

Posted at
Thrissur RMS

## ആനുകാലികം

## മുണ്ടക്കൈ-ചൂരൽമല
## 750 കോടിയുടെ പുനരധിവാസം

വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ബാധിതർക്കായി സർക്കാർ നിർമ്മിക്കുക 1000 ചതുരശ്രഅടി വീതമുള്ള വീടുകൾ. പുനരധിവാസത്തിനുള്ള കരടുപദ്ധതി മുഖ്യമന്ത്രി പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ പ്രത്യേക മന്ത്രിസഭായോഗം ചർച്ച ചെയ്തു. രണ്ട് ടൗൺഷിപ്പുകൾ ഒറ്റഘട്ടമായി വികസിപ്പിക്കും. ഒരു നിലയിലും രണ്ട് നിലയിലും വീടുകൾ നിർമ്മിക്കും. ദുരന്തബാധിതരായ ആരും പട്ടികയിൽനിന്ന് ഒഴിവാക്കപ്പെടുകയില്ലെന്നും അനധികൃതമായി ഒരാളും പട്ടികയിലുണ്ടാവുകയില്ലെന്നും മന്ത്രി കെ. രാജൻ പറഞ്ഞു. (23 ഡിസംബർ, 2024 ലെ പത്രവാർത്ത)

ശ്രമകരമായ ജോലിയാണ് സർക്കാരിന്റെ മുമ്പിലുള്ളത്. ആവശ്യക്കാർക്ക് എത്രയും പെട്ടെന്ന് വീടുകൾ ലഭിക്കുകയും വേണം. ഉരുൾപൊട്ടൽ കശക്കിയെറിഞ്ഞ ഭൂപ്രകൃതിയും ശേഷിപ്പുള്ള ജീവിതങ്ങളും നന്നാക്കിയെടുക്കാൻ സർക്കാരിനും അനുബന്ധഏജൻസികൾക്കും പെട്ടെന്നു കഴിയട്ടെ എന്നാണ് ഓരോ കേരളീയന്റെയും ആഗ്രഹവും പ്രാർത്ഥനയും. ഉദ്യോഗസ്ഥന്മാരും സർക്കാരും ഉണർന്നു പ്രവർത്തിച്ചാൽ മാത്രമേ അത് സാദ്ധ്യമാകൂ. ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും അറിയിക്കുന്നു.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V